പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 03 09.03.2015 മറുപടിയ്ക്ക്

## മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കായികതാരങ്ങൾക്ക് അവധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയതലത്തിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും, പരിശീലനങ്ങൾക്കും ആവശ്യമായ അവധി അനുവദിക്കാത്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവയിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;<br><br>(സി) ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വകുപ്പദ്ധ്യക്ഷന്മാരും ഉയർന്ന ഉദ്യോഗസ്ഥതലത്തിലും നിരസിക്കുകയും അതുകാരണം മികച്ച കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ തെളിയിക്കാനുള്ള അവസരം നഷ്ടമാകുന്നതും പരിശോധിച്ചിട്ടുണ്ടോ ;<br><br>(ഡി) സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മതിയായ അവധി അനുവദിക്കാത്തതു കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (എ), (ബി), (സി) & (ഡി)<br><br>സർക്കാർ ജീവനക്കാരയ കായിക താരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി നിലവിലുള്ള നിയമപ്രകാരം പ്രതിവർഷം 90 ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. കൂടാതെ 35-ാം ദേശീയ ഗെയിംസിൽ പങ്കെടുത്ത സംസ്ഥാന ടീമിലെ അംഗങ്ങളായ സർക്കാർ/പൊതുമേഖല ജീവനക്കാർക്ക് നിലവിൽ അനുവദനീയമായ സ്പെഷ്യൽ കാഷ്വൽ ലീവിന് പുറമേ പ്രസ്തുത ഗെയിംസിന്റെ പരിശീലനം, മത്സരം എന്നിവയ്ക്കായി കൂടുതലായി ആവശ്യം വരുന്നത്ര ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ദേശീയ ഗെയിംസിന് മുമ്പ് നടന്ന മത്സരങ്ങളിൽ പങ്കെടുത്തതിന് അനുവദനീയമായതിൽ കൂടുതൽ പ്രത്യേക കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാന, ദേശീയ, അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പരിശീലന മത്സര കാലഘട്ടം സ്പെഷ്യൽ കാഷ്വൽ അവധി അനുവദിക്കുന്ന വിഷയം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ